പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 634 — 24.01. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനമികവ്

ചോദ്യം

ശ്രീ.പി.ടി.തോമസ്

" കെ.സി.ജോസഫ്

" ഐ.സി.ബാലകൃഷ്ണൻ

" അടൂർ പ്രകാശ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നതിന് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കി; | (എ) കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ശുപാർശകൾ നൽകുന്നതിനായി ചുമതലപ്പെടുത്തിയ ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഹൈലവൽ കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങൾ പഠിച്ചു വരികയാണ്. |
| (ബി) പ്രസ്തുത റിപ്പോർട്ടിൽ ചില തസ്തികകൾ നിർത്തലാക്കണമെന്നും ചില തസ്തികകളുടെ എണ്ണം കുറയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നോ ;എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നിർദ്ദേശിച്ചിരുന്നു. ഐ.ഐ.എം.സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ ഹൈലവൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിന്മേൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുക്കുന്നതാണ്. |
| (സി) ഐ.ഐ.എം.നോട് സപ്ലിമെന്ററി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടത്; | (സി) ഉണ്ട്. 03.05.2016-ൽ കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ കമ്മിറ്റി കോഴിക്കോട് ഐ.ഐ.എം-മായി ചർച്ച നടത്തുകയും പഠന സംബന്ധമായ ചില വിശദീകരണങ്ങൾ കോഴിക്കോട് ഐ.ഐ.എം -നോട് |

| | |
|---|---|
| | ആവശ്യപ്പെടുകയും ചെയ്തു. ഇതിൻ പ്രകാരം കോഴിക്കോട് ഐ.ഐ.എം., കെ.എസ്.ഇ.ബി.എൽ ചില തുടർ പഠനങ്ങൾ നടത്തുകയും 07.06.2017-ന് അന്തിമ (സപ്ലിമെന്ററി) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. |
| (ഡി) ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും, റവന്യൂചെലവ് കുറച്ചും ഈ പൊതുമേഖലാ സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് ആലോചിക്കുന്നത്? | (ഡി) കോഴിക്കോട് ഐ.ഐ.എം.-ന്റെ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഹൈലവൽ കമ്മിറ്റി പഠിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് സ്ഥാപനത്തിന് ഗുണപരമായ നിലയിൽ നടപ്പാക്കാവുന്ന നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ